8403 20/3/19
ke 20/3/19

"ഭരണഭാഷ - മാതൃഭാഷ"

ഫോൺ : 0471-2546414

വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org

PUBLIC SERVICE COMMISSION KERALA

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

തിരുവനന്തപുരം
തീയതി : 18.03.2019

നമ്പർ AA & VWI(4)/ 12064/17/GW

പ്രേഷകൻ
സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്
**ഡയറക്ടർ**
**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**മെഡിക്കൽ കോളേജ് പി. ഒ**
**തിരുവനന്തപുരം- 695011**

സർ,

വിഷയം :- നിയമന പരിശോധന – ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന :- (1) 14.12.2010 തീയതിയിലെ 41/2010/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
(2) താങ്കളുടെ 14.01.2019 തീയതിയിലെ DME/148/2019- J1 നമ്പർ കത്ത്.

***************

സൂചന (1) ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി.എസ്.സി. നിയമനങ്ങളിലും പി.എസ്.സി. യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, താങ്കളുടെ വകുപ്പിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ താഴെപ്പറയുന്ന 9 ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ **2019 മാർച്ച് 29 തീയതിയിൽ 11 am ന്** നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ സമയക്രമം താഴെപ്പറയുന്നു.

| Sl. No. | Name | Designation | Date of Birth | Date | Time |
|---|---|---|---|---|---|
| 1 | SOUMYA A | Staff Nurse Gr.II | 18/09/1987 | 29/03/2019 | 11.00 am |
| 2 | SUNITHA SURESH | Staff Nurse Gr.II | 15/05/1989 | 29/03/2019 | 11.00 am |

| | | | | | |
|---|---|---|---|---|---|
| 3 | SHAREEFA RAHMATH A | Staff Nurse Gr.II | 09/09/1987 | 29/03/2019 | 11.00 am |
| 4 | ATHIRA P S | Staff Nurse Gr.II | 07/06/1991 | 29/03/2019 | 11.00 am |
| 5 | JENCY JOSE P | Staff Nurse Gr.II | 17/11/1988 | 29/03/2019 | 11.00 am |
| 6 | ADBUL HAMEED A | Staff Nurse Gr.II | 25/04/1989 | 29/03/2019 | 11.00 am |
| 7 | MANJU JOHNSON | Staff Nurse Gr.II | 24/12/1989 | 29/03/2019 | 11.00 am |
| 8 | CHINCHU K R | Staff Nurse Gr.II | 26/07/1989 | 29/03/2019 | 11.00 am |
| 9 | REJANI K P | Staff Nurse Gr.II | 28/05/1987 | 29/03/2019 | 11.00 am |

ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി.എസ്.സി. യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്. വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാകത്തിലെ മേൽവിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. നിയമന ശിപാർശാകത്തിലെ മേൽവിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ/വില്ലേജ് ഓഫീസർ നൽകിയത്) ഹാജരാക്കണമെന്നുകൂടി നിർദ്ദേശം നൽകേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്. | 2. | ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |
| 3. | ഡ്രൈവിംഗ് ലൈസൻസ് | 4. | പാസ്പോർട്ട് |
| 5. | അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 6. | സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് |
| 7. | കേരള സംസ്ഥാനത്തിലെ സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 8. | വിമുക്ത ഭടന്മാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടന്മാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് |
| 9. | മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ് | 10. | കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർ കാർഡ് |

| | | | |
|---|---|---|---|
| 11. | വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് | 12. | ഷെഡ്യൂൾഡ് ബാങ്കുകൾ/ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |

താഴെ പറയുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിൽകണ്ട ന്യൂനത കൂടി പരിഹരിച്ച ശേഷം ആയത് നിയമന പരിശോധന തീയതിയ്ക്ക് മുൻപ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

1) Sunitha Suresh- സേവന പുസ്തകത്തിൽ പി.എസ്.സി നിയമന ശിപാർശാകത്തിന്റെ വിശദാംശങ്ങൾ ശരിയായി രേഖപ്പെടുത്തിയ ശേഷം നിയമനാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) Shareefa Rahmath A – സേവന പുസ്തകത്തിൽ പി.എസ്.സി നിയമന ശിപാർശാകത്തിന്റെയും നിയമന ഉത്തരവിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ ശേഷം നിയമനാധികാരി ~~സാക്ഷ്യപ്പെടുത്തേണ്ടതാണ്.~~ സാക്ഷ്യപ്പെടുത്തിയത്.

വിശ്വസ്തതയോടെ

Santhosh. B

**സന്തോഷ്. ബി**
**ഡെപ്യൂട്ടി സെക്രട്ടറി**
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി

മേലെഴുത്ത് കത്ത് നം. മെ.വി.വ/148/2019 - ജെ,
തിയതി : 21/03/2019

നിയമന പരിശോധനക്കായി നിശ്ചിത തിയതിയിലും സമയത്തും ആവശ്യമായ രേഖകളുമായി ഉടൻ, പി.എസ്.സി ആസ്ഥാന ഓഫീസിൽ ഹാജരാകുന്നതിന് ഇതോടൊപ്പം ചേർത്തിട്ടുള്ള സ്റ്റാഫ്നേഴ്സുമാർക്ക് അടിയന്തിര നിർദ്ദേശം നൽകുന്നതിനായി പകർപ്പ് കൈമാറുന്നു.

To, 1. Principal, Govt Medical College, Thrissur
2. Supdt. NMCH. TCR
3. Supdt. MCCH. TCR

For Director.

21/3